# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -863 02.12.2015 ൽ മറുപടിയ്ക്ക്

**ജലവിഭവ വകുപ്പിന്റെ കീഴിലുള്ള തടയണകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.കെ.എസ്.സലീഖ :** | | **ശ്രീ.പി.ജെ.ജോസഫ്** (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര തടയണകൾ പ്രവർത്തിക്കുന്നുണ്ട്; ആയതു വഴി എത്ര പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്; | (എ) | 2011-15 കാലയളവിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 439 തടയണകൾക്ക് അനുമതി നല്കിയിട്ടുണ്ട്. അവയുടെ പുരോഗതി വിവിധ ഘട്ടങ്ങളിലാണ് . വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ തടയണകളുടേയും അതുമൂലം ലഭ്യമാകുന്ന പ്രയോജകരുടേയും വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | 2015-16 വർഷം എത്ര തടയണകൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആയതിലേക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | 2014-15 സാമ്പത്തിക വർഷത്തിൽ 190 ചെക്ക് ഡാമുകൾക്ക് അനുമതി നല്കി . ഇവയിലേക്ക് 110.38 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഏകദേശം<br>15 ഓളം പൂർത്തീകരിച്ചിട്ടുണ്ട്.ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br>2014-15 സാമ്പത്തിക വർഷത്തിൽ കബനി, ഭവാനി എന്നീ റിവർ ബേസിനുകളിലായി 6 ചെക്ക് ഡാമിന് 469 കോടി രൂപ അനുവദിച്ചു. അവയുടെ പ്രവർത്തി വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പല ഭാഗങ്ങളിലും വെള്ളം ലഭ്യമാക്കുവാൻ സഹായകമായ കൊച്ചിൻ പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കും; ഇതിന് ആകെ എത്ര തുക അനുവദിച്ചു : എത്ര തുക നാളിതുവരെ ചെലവഴിച്ചു; ബാക്കി തുക അടിയന്തരമായി അനുവദിച്ച്, പ്രസ്തുത തടയണ കമ്മീഷൻ ചെയ്യുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) | ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള ചെറുതുരുത്തി തടയണയുടെ പ്രവൃത്തിക്കുവേണ്ടി 2007 ൽ 5.0 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 2.80 കോടി രൂപ ചെലവഴിച്ചു. നിലവിലുണ്ടായിരുന്ന കരാറുടമ്പടി റദ്ദ് ചെയ്തതിനാൽ ടി തടയണയുടെ ബാക്കിയുള്ള പണിയുടെ 14.50 കോടി രൂപയുള്ള എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിലേക്കായി തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ അനുമതിയൊന്നും ലഭിച്ചിട്ടില്ല. അനുമതി നല്കുന്ന മുറയ്ക്ക് പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ചെറുതുരുത്തി തടയണ പൂർത്തീകരിച്ചാൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ കൊണ്ടാഴി, പാഞ്ഞാർ, വള്ളത്തോൾ നഗർ എന്നീ പഞ്ചായത്തുകളിലേയും വാണിയംകുളം പഞ്ചായത്തിലെ പല ഭാഗങ്ങളിലേയും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെയും ജനങ്ങളുടെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും. കൂടാതെ, ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷന് വേണ്ട ജലവും ലഭ്യമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

CHECK DAMS / REGULATORS 2011-15

Amt in Lakhs

| | NABARD | | MI PRIORITY | | CHECK DAMS 201- | | ANNUAL PLAN 2013-14,14-15 | | TOTAL | |
|---|---|---|---|---|---|---|---|---|---|---|
| | No | Amt | No | Amount | No | Amt | | | No | Amt |
| Thiruvananthapuram | 4 | 253.2 | | | 16 | 826.5 | | | 20 | 1079.7 |
| kollam | 5 | 448 | | | 15 | 645 | | | 20 | 1093 |
| Chengannur | | | | | 2 | 155 | | | 2 | 155 |
| Pathanamthitta | | | 12 | 705.65 | 11 | 637 | | | 23 | 1342.65 |
| Kottayam | 17 | 1390 | 23 | 2902.5 | 31 | 1670.65 | | | 71 | 5963.15 |
| Idukki | 1 | 100 | 53 | 2467 | 22 | 1134 | | | 76 | 3701 |
| Ernakulam | 6 | 7530 | 5 | 601.5 | 16 | 1363.82 | | | 27 | 9495.32 |
| Palakkad | 12 | 9059 | 5 | 256 | 11 | 855.75 | 3 | 323.00 | 31 | 10493.8 |
| Thrissur | | | | | 11 | 603.1 | 11 | 750.00 | 22 | 1353.1 |
| Malappuram | 15 | 9694 | 7 | 238.5 | 20 | 839.7 | 29 | 1773.00 | 71 | 12545.2 |
| Kozhikkode | 5 | 2353 | 2 | 115 | 12 | 720.5 | | | 19 | 3188.5 |
| Wayanad | 2 | 98 | 7 | 457 | 5 | 347 | 3 | 146.00 | 17 | 1048 |
| Kannur | 9 | 3250 | | | 10 | 725.5 | | | 19 | 3975.5 |
| Kasaragod | 5 | 2952 | | | 8 | 515 | | | 13 | 3467 |
| TOTAL | 81 | 37127 | 114 | 7743 | 190 | 11039 | 46 | 2992 | 431 | 58901 |